# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2227 – 14/06/2019 - ലെ മറുപടിക്ക്

## പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്തൽ

**ചോദ്യം** | **ഉത്തരം**

**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്താൻ എന്തെല്ലാം വഴികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്:<br>• സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), KfW മുതലായ ഏജൻസികൾ<br>• കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ<br>• കേന്ദ്ര ഗവൺമെൻറ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം<br>• ക്രൗഡ് ഫണ്ടിംഗ്<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം<br>• NIDA വഴി നബാർഡ് ഫണ്ടിംഗ്<br>• ഹഡ്കോയും മറ്റു വായ്പകളും<br>പ്രളയാനന്തര പുനർനിർമാണത്തിന് തുക കണ്ടെത്തുന്നതിനായി, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ, കേരള പുനർനിർമാണ വികസന പരിപാടി (RKDP) വിവിധ ഫണ്ടിങ് ഏജൻസികൾക്കും വികസന പങ്കാളികൾക്കും മുൻപാകെ അവതരിപ്പിച്ച് പദ്ധതികൾക്ക് സഹായം ലഭ്യമാക്കാനുള്ള വികസനസംഗമം (Development Partners' Conclave) സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം ഉൾപ്പെടെ) |
| (ബി) | ഇതിലൂടെ എത്ര രൂപയാണ് കണ്ടെത്തുവാനുദ്ദേശിക്കുന്നതെന്നും ഇതിനകം കണ്ടെത്തിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ ; | |
| (സി) | ഈയാവശ്യത്തിനായി കഴിഞ്ഞ ബജറ്റിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നതെന്നും അതുപ്രകാരം പണം കണ്ടെത്താൻ തുടങ്ങിയോയെന്നും വ്യക്തമാക്കാമോ ; | |

| | | |
|---|---|---|
| | | വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ വികസന നയവായ്പയായി 1750 കോടി രൂപ ഈ വർഷം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ വകയിരുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നു.<br>റീ ബിൽഡ് കേരള പദ്ധതിക്കായി 1000 കോടി രൂപ 2019-20 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രളയാനന്തര പുനർനിർമ്മാണത്തിന് എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; മൊത്തം വേണ്ടിവരുന്ന തുക എത്രയാണ്; ഈ തുക എപ്രകാരം കണ്ടെത്തുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ഐക്യരാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment(PDNA) പ്രകാരം പ്രളയാനന്തര പുനർനിർമാണത്തിനായി മൊത്തം 31000 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത്. ഈ തുക ലോകബാങ്ക്, എഡിബി, KfW മുതലായ ബഹുവിധ എജൻസികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കൂടുതൽ വകയിരുത്തൽ, കേന്ദ്ര ഗവൺമെൻറ് പദ്ധതി ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം, ക്രൗഡ് ഫണ്ടിംഗ്, CMDRF, NIDA വഴി നബാർഡ് ഫണ്ടിംഗ്, ഹഡ്കോ / മറ്റു വായ്പകൾ എന്നീ വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**